


بسم الله الرحمن الرحيم

കോവിഡ് ബാധിച്ച് മുപ്പത് ലക്ഷത്തിലധികം ആളുകൾ മരണപ്പെട്ടു.

അവർക്കൊന്നും ലഭിക്കാത്ത ഒരു സൌഭാഗ്യം അല്ലാഹു നമുക്ക് നൽകി.

റമദാനിനെ സ്വീകരിക്കാനും റമദാനിലെ ചില നോമ്പുകൾ പൂർത്തീകരിക്കാനും അവസരം ലഭിച്ചു.

കഴിഞ്ഞ റമദാനിൽ ഉള്ള പലരും ഇപ്പോളില്ല, മരണപ്പെട്ടവർ ,രോഗികൾ

**العاقل من يعتبر بغيره، والأحمق من يكون هو العِبرةَ لغيره.**

❖ റമദാനിനെ സ്വീകരിച്ചപ്പോൾ

വീടും പരിസരവും ശുദ്ധിയാക്കി റമദാനിനെ നാം സ്വീകരിച്ചു.

എന്നാൽ മനസ്സും ശരീരവും കൂടെ ശുദ്ധമാകണം

❖ **വെള്ളവും ഭക്ഷണവും ഉപേക്ഷിക്കുക മാത്രമല്ല നോമ്പ്.**

قال عمر بن الخطاب رضي الله عنه " لَيْسَ الصِّيَامُ مِنَ الطَّعَامِ وَالشَّرَابِ وَحْدَهُ، وَلَكِنَّهُ مِنَ الْكَذِبِ، وَالْبَاطِلِ، وَاللَّغْوِ، وَالْحَلِفِ (أخرجه ابن أبي شيبة )

ഉമർ (റ) പറഞ്ഞു: നോമ്പ് എന്നു പറഞ്ഞാൽ ഭക്ഷണ പാനിയം ഒഴിവാക്കുക എന്നത് മാത്രമല്ല. കളവും ബാതിലും മ്ലേച്ഛ പ്രവർത്തികളും വഞ്ചനയും ഒഴിവാക്കൽ കൂടിയാണ്.

❖ **നാം കളവ് പറയുന്നവരും പ്രചരിപ്പിക്കുന്നവരുമാകരുത്.**

റമദാനിനെ പറ്റി പോലും അറിയാതെ കളവ് പ്രചരിപ്പിക്കുന്നവർ.

◆ **ഉദാഹരണം: ഒന്ന്**

- റമദാനിലെ ആദ്യ പത്ത് റഹ്മത്തിന്റെ പത്താണ്.
- രണ്ടാമത്തേത് മഗ്ഫിറത്തിന്റെ പത്താണ്യ
- നരഗ മോചനത്തിന്റെ പത്താണ്.

ഈ ഹദീദ് മുൻകർ ആണ് അലിയ്യ് ബിൻ സൈദ് ബിൻ ജദ്ആൻ ദുർബലനാണ്

- **ഹദീസുകൾ പഠിപ്പിക്കുന്നത് റമദാനിലെ മുപ്പത് രാത്രിയും നരഗമോചനമുണ്ട്. റമദാൻ റഹ്മത്തിന്റെ ഭാഗമാണ്**

◆ **ഉദാഹരണം: രണ്ട്.**

- ഓരോ പത്തിലും പ്രത്യേക പ്രാർത്ഥന നിർവഹിക്കണം. (ഇതൊന്നും സ്വഹീഹായി വന്നിട്ടില്ല.)

❖ **ആദ്യം വ്യാജവാർത്ത ഉപേക്ഷിക്കണം**

عن أبي هريرة رضي الله عنه أن النبيَّ صلى الله عليه وسلم قال: مَن لم يَدَعْ قول الزُّور والعملَ به والجهلَ، فليس للهِ حاجةٌ أن يَدَعَ طعامه وشرابه ( البخاري)

**റമദാനിൽ എന്തെങ്കിലും പറഞ്ഞാൽ നന്മയാകില്ല നബി (സ്വ) പഠിപ്പിച്ചത് ചൊല്ലുക.**

❖ **പിണക്കങ്ങൾ ഒഴിവാക്കുക**

- അല്ലാഹു ആവശ്യപ്പെടുന്നത്.

يَسْأَلُونَكَ عَنِ الْأَنْفَالِ قُلِ الْأَنْفَالُ لِلَّهِ وَالرَّسُولِ فَاتَّقُوا اللَّهَ وَأَصْلِحُوا ذَاتَ بَيْنِكُمْ وَأَطِيعُوا اللَّهَ وَرَسُولَهُ إِنْ كُنْتُمْ مُؤْمِنِينَ ( أنفال: ١)

- നബി (സ്വ) പറഞ്ഞു:

عَنْ أَبِي أَيُّوبَ الْأَنْصَارِيِّ ، أَنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ : " لَا يَحِلُّ لِرَجُلٍ أَنْ يَهْجُرَ أَخَاهُ فَوْقَ ثَلَاثِ لَيَالٍ، يَلْتَقِيَانِ، فَيُعْرِضُ هَذَا، وَيُعْرِضُ هَذَا، وَخَيْرُهُمَا الَّذِي يَبْدَأُ بِالسَّلَامِ"

മൂന്നു ദിവസത്തിലധികം തന്റെ സഹോദരനോട് ഒരു മുസ്‌ലിം പിണങ്ങി നിൽക്കാൻ പാടില്ല എന്നതാണ് പ്രവാചകൻ പറഞ്ഞിട്ടുള്ളത്. ആ പിണക്കം ശത്രുതയിലേക്ക് വഴി മാറാതെ ആദ്യം സലാം പറഞ്ഞ് കൊണ്ട് ബന്ധത്തെ നിലനിർത്തുന്നവനാണ് കൂടുത ൽ ഉത്തമൻ.

**മിണ്ടുന്നില്ല എങ്കിൽ വരാനുള്ള അപകടം**

തന്റെ സഹോദരനോട് പിണങ്ങി നിൽക്കുന്നവരുടെ കർമ്മങ്ങൾ പിണക്കം അവസാനിപ്പിക്കുന്നത് വരെ അല്ലാഹുവിലേക്ക് ഉയർത്തപ്പെടുകയില്ല.

❖ **പെരുമാറ്റം നന്നാക്കുക**

ജീവിതത്തിൽ കണ്ടുമുട്ടുന്ന ഓരോ മനുഷ്യനും നമ്മുടെ പരലോകത്തെ ബാധിക്കുന്ന വിഷയമാണ്.

ജനങ്ങളോട് നല്ല നിലയിൽ വർത്തിക്കണം.

قال رسول الله صلى الله عليه وسلم: اتَّقِ اللَّهَ حيثُما كنتَ، وأَتبِعِ السَّيِّئَةَ الحسنةَ تمحُها، و خالِقِ الناسَ بخُلُقٍ حَسنٍ

നല്ല പെരുമാറ്റത്തിന് ലഭിക്കുന്ന പ്രതിഫലം

عن عائشة رضي الله عنها قالت: سمعت رسول الله صلى الله عليه وسلم يقول : إِنَّ الْمُؤْمِنَ لَيُدْرِكُ بِحُسْنِ خُلُقِهِ درجةَ الصَّائِمِ الْقَائِمِ

ആയിശ (റ) വിൽ നിന്നും നിവേദനം: ഒരു സത്യ വിശ്വാസി തന്റെ സൽസ്വഭാവം കൊണ്ട് നോമ്പുകാരന്റെയും നമസ്കാരകാരന്റെയും പദവി കണ്ടെത്തുന്നതാണ്.

❖ **സംസാരം നന്നാക്കുക**

عَنْ أَبِي هُرَيْرَةَ سَمِعَ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَقُولُ : " إِنَّ الْعَبْدَ لَيَتَكَلَّمُ بِالْكَلِمَةِ مَا يَتَبَيَّنُ فِيهَا يَزِلُّ بِهَا فِي النَّارِ أَبْعَدَ مِمَّا بَيْنَ الْمَشْرِقِ."

**നമ്മുടെ മാതൃക നബി (സ്വ) യാണ്.**

عبدُ اللهِ بنُ عَمرِو بنِ العاصِ رَضِيَ اللهُ عنهما أنَّ النَّبيَّ صَلَّى اللهُ عليه وسلَّمَ لَمْ يَكُنِ النبيُّ صَلَّى اللهُ عليه وسلَّمَ فَاحِشًا ولَا مُتَفَحِّشًا، وكانَ يقولُ: إنَّ مِن خِيَارِكُمْ أحْسَنَكُمْ أخْلَاقًا (بخاري)

നബി (സ്വ) ദുഷിപ്പ് പറയുന്നവനോ ദുഷിച്ചത് ചെയ്യുന്നവനോ ആയിരുന്നില്ല. നബി (സ്വ) പറയുമായിരുന്നു. നിശ്ചയം നിങ്ങളിൽ ഉത്തമൻ നിങ്ങളിൽ ഏറ്റവും നല്ല സ്വഭാവമുള്ള വനാകുന്നു.

❖ **ഹൃദയത്തിൽ അല്ലാഹു വിനെ കുറിച്ചുള്ള സ്മരണ നിറയണം**

عَنْ عَبْدِ اللَّهِ بْنِ بُسْرٍ ، أَنَّ أَعْرَابِيًّا قَالَ لِرَسُولِ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ : إِنَّ شَرَائِعَ الْإِسْلَامِ قَدْ كَثُرَتْ عَلَيَّ، فَأَنْبِئْنِي مِنْهَا بِشَيْءٍ أَتَشَبَّثُ بِهِ. قَالَ : " لَا يَزَالُ لِسَانُكَ رَطْبًا مِنْ ذِكْرِ اللَّهِ عَزَّ وَجَلَّ

എല്ലാ ഇബാദത്തിന്റെയും ലക്ഷ്യം ഇതാണ്

റമദാൻ നമ്മെ ശുദ്ധികരിക്കാനാണ്

തിരുത്തേണ്ടത് തിരുത്തുക

സ്വയം വിചാരണ ക്കൊരുങ്ങുക

**താബിഉകളിൽ നിന്ന് സ്ഥിരപ്പെട്ട വാക്ക്.**

حاسبوا أنفسكم قبل أن تحاسبوا وزنوا أعمالكم قبل أن توزن عليكم فأنه أهون عليكم فى الحساب غدا أن تحاسبوا أنفسكم قبل يوم القيامة

---

ഖുത്ത്ബ നോട്ടുകൾ ലഭിക്കാൻ (+917034743343) എന്ന നമ്പർ സേവ് ചെയ്ത് പേരും സ്ഥലവും ചേർത്ത് വാട്സാപ്പ് മെസേജ് അയക്കുക.

മുമ്പ് തയ്യാറാക്കിയ ഖുത്ത്ബകൾ ലഭിക്കാൻ http://www.sufaraulislam.com/ എന്ന സൈറ്റ് സന്ദർശിക്കുക.